## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS)

**ഉത്തരവ് നം : WEC3/17476/18** **തീയതി: 29/06/2019**

വിഷയം: വനിത ശിശു വികസന വകുപ്പ് – വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് സഹായത്തിനായി കരാർ അടിസ്ഥാനത്തിൽ നിയമിച്ച ക്ലാർക്ക് – കം – ഓഫീസ് അറ്റൻഡന്റ് – പ്രതിമാസ വേതനം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 56/15 തീയതി: 03.02.2015
2. സ.ഉ (പി) നം. 28/16/ഫിൻ തീയതി: 26.02.2016
3. സ.ഉ (പി) നം. 56/17/ഫിൻ തീയതി: 28.04.2017
4. സ.ഉ (പി) നം. 112/18/ധന തീയതി: 21.07.2018
5. സ.ഉ (സാധാ) നം. 329/2019/സാനീവ തീയതി: 01.06.2019
6. ഈ കാര്യാലയത്തിലെ 16.11.18 ലെ മേൽ നമ്പർ കത്ത്

വനിത ശിശു വികസന വകുപ്പിലെ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ആവശ്യമായ ഓഫീസ് സഹായം നൽകുന്നതിനായി ഒരു ക്ലാർക്ക് – കം – ഓഫീസ് അറ്റൻഡന്റിനെ പ്രതിമാസം 10,000/- രൂപ നിരക്കിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിമൺ പ്രൊട്ടക്ഷൻ ഓഫീസുകളിലും ഒരു ക്ലാർക്ക് – കം – ഓഫീസ് അറ്റൻഡന്റിനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

ദിവസവേതനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള പരാമർശം (2), (3), (4) ഉത്തരവുകളിൽ ക്ലാർക്ക് – കം – ഓഫീസ് അറ്റൻഡന്റ് എന്ന തസ്തിക ഉൾപ്പെടുത്തിയിരുന്നില്ല. ആകയാൽ ഇവരുടെ വേതന വർദ്ധനവിനായി പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചതനുസരിച്ച് ടി ജീവനക്കാരുടെ വേതനം പരാമർശം (2), (3), (4) ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി കാറ്റഗറി 1ന് ആനുപാതികമായി ഉത്തരവ് തീയതി പ്രാബല്യത്തിൽ 17,675/- രൂപയാക്കി പരാമർശം (5) പ്രകാരം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ വകുപ്പിലെ വനിതാ സംരക്ഷണ ഓഫീസർമാർക്ക് ഓഫീസ് സഹായം നൽകുന്നതിനായി നിയമിതരായ ക്ലാർക്ക്-കം-ഓഫീസ് അറ്റൻഡന്റിന്റെ വേതനം വർദ്ധിപ്പിച്ച് 01.06.2019 തീയതി പ്രാബല്യത്തിൽ 17,675/- രൂപയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ ക്ലാർക്ക്-കം-ഓഫീസ് അറ്റൻഡന്റുമാർക്ക് 17,675/- രൂപ നിരക്കിൽ 01.06.2019 മുതൽ വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

**പകർപ്പ്:**

1.എല്ലാ ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
2.എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3.സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
4.സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

SK-19